# STD - V

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്  ദൈവനാമം പരിശുദ്ധമാകുന്നു   ഭാഗം – ഒന്ന്

### ലക്ഷ്യം

ദൈവത്തിന്റെ നാമം പരിശുദ്ധമാണ്. ദൈവനാമം വിളിച്ചപേക്ഷിക്കുകയും സ്തുതിക്കുകയും ചെയ്യുമ്പോൾ നാം വിശുദ്ധിയിലേക്കും, രക്ഷയിലേക്കും നയിക്കപ്പെടുന്നു. എപ്പോഴും ദൈവനാമം സ്തുതിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തും

### പഠനസഹായികൾ

* വചനം – ഏശയ്യാ. 6:1–7 (ഏശയ്യായുടെ ദർശനം)
* വചനം – പുറപ്പാട് 3:14–15
* വചനം – സങ്കീ. 8:1
* CCC - 203, 204, 205, 206 (Page 56&57)
  (ദൈവം തന്റെ നാമം വെളിപ്പെടുത്തുന്നു)
* ചിത്രങ്ങൾ – അബ്രാഹം, ഇസഹാക്ക്, യാക്കോബ്, മോശയും മുൾപ്പടർപ്പിലെ ജ്വലിക്കുന്ന അഗ്നിയും, ഏശയ്യായുടെ ദർശനം

### പാഠത്തിന്റെ ഉള്ളടക്കം

* ഏശയ്യാ പ്രവാചകന്റെ ദർശനം – അത്യുന്നതനായ ദൈവം സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു.
* സകലത്തിന്റെയും അധിപനായ ദൈവത്തിന്റെ നാമം പരിശുദ്ധമാണ്.
* താൻ പാപിയാണെന്ന് ഏശയ്യായുടെ ബോധ്യപ്പെടൽ.
* ഇസ്രായേൽ ജനതയ്ക്കുവേണ്ടി ദൈവത്തിന്റെ പേര് ചോദിക്കുന്ന മോശ.
* ഞാൻ, ഞാൻതന്നെ – (പുറപ്പ. 3:14)യെന്ന് കത്തുന്ന മുൾപ്പടർപ്പിൽവച്ച് ദൈവം മോശയ്ക്ക് തന്റെ നാമം വെളിപ്പെടുത്തി.
* ഇസ്രായേൽ ജനം ദൈവത്തെ യാഹ്‌വേ എന്നു വിളിച്ചു.

### പ്രാർത്ഥന

സൈന്യങ്ങളുടെ കർത്താവായ ദൈവമേ, അവിടുത്തെ നാമം എന്നും സ്തുതിക്കുവാനും, ആരാധിക്കുവാനും, പരിശുദ്ധനായവനെ മഹത്വപ്പെടുത്തുവാനും ഞങ്ങളെ ശക്തരാക്കണമേ.

## ചോദ്യങ്ങൾ

1. ഏശയ്യാ പ്രവാചകനുണ്ടായ ദർശനത്തിൽ, ദൈവത്തിന് ചുറ്റുംനിന്ന് സെറാഫുകൾ ഉദ്ഘോഷിച്ചതെന്ത്?
2. ഏശയ്യാ പ്രവാചകനുണ്ടായ ദർശനത്തിനുശേഷം, ഏശയ്യായ്ക്ക് എന്താണ് ബോധ്യമായത്?
3. മോശയ്ക്ക് ദൈവം വെളിപ്പെടുത്തിയ ദൈവത്തിന്റെ പേരെന്ത്?
4. ദൈവം മോശയോട് തന്റെ നാമധേയത്തെക്കുറിച്ച് ഇസ്രായേൽ മക്കളോട് എന്ത് പറയാനാണ് ആവശ്യപ്പെട്ടത്?
5. ഇസ്രായേൽ ജനം, ദൈവത്തെ എന്ത് പേരുവിളിച്ചാണ് ആരാധിച്ചത്?

# STD - V

## അദ്ധ്യാപക സഹായി

## പാഠം - മൂന്ന് ദൈവനാമം പരിശുദ്ധമാകുന്നു ഭാഗം - രണ്ട്

### ലക്ഷ്യം

ദൈവത്തിന്റെ നാമം ആരാധ്യമാണ്. ദൈവനാമം ഭക്തിയോടും ആദരവോടുംകൂടെ ഉപയോഗിക്കുക. ദൈവത്തിന്റെ നാമം വ്യഥാ പ്രയോഗിക്കരുത്. ദൈവനാമം നമുക്കു രക്ഷ കൈവരുത്തുന്നു.

ദൈവനാമത്തെ ആദരിക്കുന്നതോടൊപ്പം ദൈവത്തിന് സമർപ്പിക്കപ്പെട്ടിട്ടുള്ള എല്ലാറ്റിനേയും ആദരിച്ചും ബഹുമാനിച്ചും, സ്തുതികളാൽ പരിശുദ്ധനായ ദൈവത്തെ മഹത്വപ്പെടുത്തും.

### പഠന സഹായികൾ

* വചനം - അപ്പ. 4:12, 2 ദിനവൃ. 7:14, ലൂക്കാ. 12:8
  വെളി. 3:5 (രക്ഷയ്ക്കുവേണ്ടിയുള്ള നാമം.)
* ചാർട്ട് - 2-ാം പ്രമാണം
* CCC - 2142, 2150, 2161 (Page 524, 525, 526) - രണ്ടാം പ്രമാണം
* വചനം - സങ്കീ. 8:1, മലാക്കി 1:11, സംഖ്യ 6:27, പ്രഭാഷ. 51:11
  (ദൈവത്തിന്റെ മഹനീയമായ നാമം നിരന്തരം പ്രകീർത്തിക്കും)
* വചനം - മത്താ. 5:34, ലേവ്യർ 19:12, ലേവ്യർ 24:16, പുറ. 20:7, ജെറമിയ 7:11
  (ദൈവനാമം വ്യഥാ ഉപയോഗിക്കരുത്, നിന്ദിക്കരുത്)
* ചാർട്ട് - ദൈവനാമം - പുതിയനിയമത്തിൽ യേശുവിന് നൽകിയിട്ടുള്ള വിശേഷണങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* ആകാശത്തിനു കീഴെ മനുഷ്യരക്ഷയ്ക്കായി നൽകിയ ഏകനാമം വചനഭാഗങ്ങളുടെ അടിസ്ഥാനത്തിൽ
* രണ്ടാം പ്രമാണം നമ്മോടു പറയുന്നത് - ദൈവനാമം ആരാധ്യമാണ്. ദൈവനാമം എന്നത് ദൈവത്തിന്റെ സാന്നിധ്യം
* ദൈവത്തെ സദാ മഹത്വപ്പെടുത്തണം.
* വചനഭാഗങ്ങളിലൂടെ ദൈവനാമത്തെ നിരന്തരം പ്രകീർത്തിക്കാം
* ദൈവനാമം വ്യഥാ ഉപയോഗിക്കരുത്. വചനത്തിലൂടെ ദൈവനാമത്തെ നിന്ദിക്കരുതെന്ന ഓർമ്മപ്പെടുത്തൽ

* ദൈവനാമത്തോടൊപ്പം ദൈവത്തിനു സമർപ്പിക്കപ്പെട്ടിട്ടുള്ള വ്യക്തികളെയും വസ്തുക്കളെയും ആദരിക്കണം.
* വിശുദ്ധഗ്രന്ഥത്തിൽ ദൈവം ചിലർക്കു നൽകിയ പുതിയ പേരുകളും അവരുടെ പഴയ പേരുകളും
* പുതിയനിയമത്തിൽ യേശുവിന്റെ വിശേഷണങ്ങൾ

## പ്രാർത്ഥന

വിലകെട്ടവ പറയാതെ, സദ്വചനങ്ങൾ മാത്രം സംസാരിച്ചാൽ നീ എന്റെ നാവുപോലെയാകുമെന്ന് ജെറമിയ പ്രവാചകനിലൂടെ അരുളിചെയ്ത നല്ല ദൈവമേ, രണ്ടാം പ്രമാണം ലംഘിക്കാതെ എന്നും അങ്ങയെ ആരാധിക്കുവാനും, സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും വേണ്ട കൃപകൾ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ, ആമ്മേൻ

## ചോദ്യങ്ങൾ

1. നമ്മുടെ ആത്മീയവളർച്ചയ്ക്കാവശ്യമായ കാര്യങ്ങൾ ഏതെല്ലാം?
2. രണ്ടാം പ്രമാണം എന്താണ് നമ്മെ ഓർമ്മിപ്പിക്കുന്നത്?
3. രണ്ടാം പ്രമാണം നമ്മോടു പറയുന്നതും ഉപദേശിക്കുന്നതും എന്തെല്ലാമാണ്?
4. പുതിയനിയമത്തിൽ നിന്നും യേശുവിന്റെ 5 വിശേഷണങ്ങൾ എഴുതുക.
5. രണ്ടാം പ്രമാണമനുസരിച്ച് ദൈവനാമത്തോടൊപ്പം ആദരിക്കപ്പെടേണ്ടവ ഏതെല്ലാം? വിശദമാക്കുക.